നമ്പർ. സി.ബി. (1) 35250/08

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 08-08-2008

## സർക്കുലർ നമ്പർ 58/2008

വിഷയം : സഹകരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പരിപാടിക്ക് വായ്പ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : (1) 24-06-2008 ലെ സ.ഉ.(എം.എസ്.) 174/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

(2) 22-07-2008 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ കോൺഫറൻസ് തീരുമാനം.

വാസയോഗ്യമായ വീടില്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിൽ അനുവദനീയമായ പരമാവധി സബ്സിഡി നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾ തന്നെ തിരിച്ചടയ്ക്കുന്ന രീതിയിൽ വായ്പാ ബന്ധിത പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണെന്നും ആയത് പ്രകാരം വായ്പയെടുക്കുകയാണെങ്കിൽ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് (1963) പ്രകാരം സർക്കാർ അനുമതിയോടു കൂടി മാത്രമേ പ്രോജക്ട് നടപ്പാക്കുവാൻ പാടുള്ളുവെന്നും, തിരിച്ചടയ്ക്കുന്നതിനുള്ള ബാധ്യത ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുകയാണെങ്കിൽ തിരിച്ചടവ് കാലയളവ് മൂന്ന് വർഷത്തിൽ അധികരിക്കാൻ പാടില്ലെന്നും മാർഗ്ഗരേഖ നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ വായ്പാ ബന്ധിത പ്രോജക്ട് നടപ്പാക്കുകയാണെങ്കിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിന് മുൻഗണന നൽകേണ്ടതും, സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നില്ലെങ്കിൽ മാത്രമേ മറ്റ് ബാങ്കുകളെ പരിഗണിക്കാൻ പാടുള്ളൂവെന്നും മാർഗ്ഗരേഖ നിഷ്ക്കർഷിച്ചിരിക്കുന്നു. സൂചന (2) പ്രകാരം കൂടിയ യോഗത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഇ.എം.എസ്. ഭവന പരിപാടിക്ക് വായ്പ അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും, ആയതിനുള്ള പലിശ നിരക്കും നിശ്ചയിച്ച് തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്തും, ഇ.എം.എസ്. ഭവന പരിപാടിയുടെ വിജയത്തിനും, പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനും സഹായിക്കുന്നതിന് ചുവടെ പരാമർശിക്കുന്ന വ്യവസ്ഥകളോടെ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പരിപാടി പ്രോജക്ടുകൾക്ക് വായ്പ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായ ത്രിതല പഞ്ചായത്തുകൾ ഇ.എം.എസ്. ഭവന പരിപാടിക്കു തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ സ്രോതസ്സിൽ വായ്പാ വിഹിതം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുവദിക്കാവുന്നതാണ്.

2. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം മാത്രമേ പ്രോജക്ടുകൾക്ക് ആവശ്യമായ വായ്പാ തുക വിതരണം ചെയ്യാൻ പാടുള്ളൂ.

3. കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് പ്രകാരം വായ്പ വാങ്ങുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. പ്രോജക്ട് നടപ്പിലാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധിക്കുള്ളിൽ വായ്പാ കാലാവധിയും നിജപ്പെടുത്തേണ്ടതാണ്.

5. മുതലും, പലിശയും ഉൾപ്പെടെയുള്ള വായ്പാ ബാധ്യത തദ്ദേശ ഭരണ സ്ഥാപനം തന്നെ തിരിച്ചടയ്ക്കുന്ന രീതിയിൽ ബന്ധപ്പെട്ട സ്ഥാപനത്തിന് നേരിട്ട് വായ്പ അനുവദിക്കേണ്ടതാണ്.

6. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ബാധകമാകുന്ന സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശ പ്രകാരമുള്ള പലിശ നിരക്ക് പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് ബാധകമായിരിക്കുന്നതാണ്. ഇപ്പോൾ ഇത് 8 മുതൽ 9 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

7. വായ്പ തുക സഹകരണ സംഘം/ബാങ്കിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റുകയോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ രേഖാ മൂലമുള്ള നിർദ്ദേശാനുസരണം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ സഹകരണ സ്ഥാപനത്തിൽ ആരംഭിക്കുന്ന അക്കൗണ്ടിലേക്കോ മാറ്റിക്കൊടുക്കാവുന്നതാണ്

8. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനം, സ്ഥാപനവുമായുള്ള കരാർ തുടങ്ങി വായ്പാ വിതരണത്തിന് ആവശ്യമായ എല്ലാ നടപടി ക്രമങ്ങളും വായ്പ അനുവദിക്കുന്നതിന് പാലിക്കേണ്ടതാണ്.

9. ഇ.എം.എസ്. ഭവന പരിപാടിക്ക് ആവശ്യമായ വായ്പ അനുവദിക്കുന്നതിന് സംഘങ്ങൾ/ബാങ്കുകൾ ഐ.എം.ബി.പി. പരിധി പരിഗണിക്കേണ്ടതില്ല.

10. സംസ്ഥാന/ജില്ലാ/പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അതാതു സഹകരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വായ്പ ലഭ്യമാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ.

11. ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് പ്രത്യേകമായി നിഷ്ക്കർഷിച്ചിട്ടില്ലാത്ത ഫണ്ടുകൾ സഹകരണ സ്ഥാപനത്തിൽ നിക്ഷേപിക്കാൻ തയ്യാറുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ നൽകാവൂ.

12. വായ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനം ഇ.എം.എസ്. ഭവന പരിപാടിയുടെ പുരോഗതി വിലയിരുത്തേണ്ടതും വായ്പാ ദുരുപയോഗം തടഞ്ഞ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തെ സഹായിക്കേണ്ടതുമാണ്.

13. അനുവദിക്കുന്ന വായ്പ സംബന്ധിച്ചുള്ള പുരോഗതി റിപ്പോർട്ട് ഓരോ മാസവും സംസ്ഥാന സഹകരണ ബാങ്ക് നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സഹകരണ ബാങ്കുകൾ പുരോഗതി റിപ്പോർട്ട് നേരിട്ട് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും ഒരു പകർപ്പ് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് സമർപ്പിക്കേണ്ടതും, ജില്ലയിലെ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ ബാങ്ക്,
തിരുവനന്തപുരം

2) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.

3) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.

4) എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർമാർക്കും
(സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ)

5) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

6) എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

7) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.

8) ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.

9) എഡിറ്റർ, സഹകരണ വീഥി.

10) എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ
സെക്രട്ടറി (ജില്ലാ കലക്ടർ) മാർക്കും.

11) സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

Sd/-

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി